പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2666 — 19.7.2011 -ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതരുടെ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ: | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ അല്ലാതെ മറ്റേതെങ്കിലും ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർ ഉണ്ടോയെന്നും ഓരോ ജില്ലയിലേയും ദുരിതബാധിതർ എത്രയെന്നും വ്യക്തമാക്കുമോ; | (എ) 2010 നവംബറിൽ ഇടുക്കി, വയനാട്, കോഴിക്കോട്, പാലക്കാട്, ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങളിൽ നടത്തിയ പ്രാഥമിക സർവ്വേയിൽ ഇടുക്കിയിൽ 5 പേരും വയനാട്ടിൽ 931 പേരും കോഴിക്കോട് 3 പേരും പാലക്കാട് 46 പേരും ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരായി കണ്ടെത്തി. കൂടുതൽ വിശദമായ വിദഗ്ധ പരിശോധനയിൽ മാത്രമേ എൻഡോസൾഫാനുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നമാണോ എന്ന് പറയാൻ കഴിയൂ. |
| (ബി)എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ നാളിതുവരെ നടത്തിയ പുനരധിവാസ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഇത്തരം പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളെന്തെന്നും വ്യക്തമാക്കുമോ; | (ബി) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സാ പുനരധിവാസപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി രൂപീകരിക്കപ്പെട്ട എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റമഡിയേഷൻ സെൽ-ന്റെ പ്രവർത്തനം 2007 ഫെബ്രുവരിയിൽ ആരംഭിച്ചു. കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായുള്ള സെല്ലിൽ 11 ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, ബന്ധപ്പെട്ട വകപ്പുകളുടെ ജില്ലാതല ഓഫീസർമാർ, സാമൂഹ്യ. പ്രവർത്തകർ എന്നിങ്ങനെ 34 അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ടാണ് സെൽ രൂപീകരിച്ചത്. നിലവിൽ കാസർഗോഡ് ജില്ലയിലെ പാർലമെന്റ് അംഗം, നിയമസഭാ അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റുമാർ, ക്ഷേമ പ്രവർത്തനങ്ങൾ |

| | |
|---|---|
| | പഞ്ചായത്തിലെ ദുരിതബാധിതരുടെ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ച സെല്ലുവഴി താഴെ പറയുന്ന സേവനങ്ങളാണ് ലഭ്യമാക്കിയത്.<br>• വിദഗ്ധ ചികിത്സ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് ആയതു ലഭ്യമാക്കൽ<br>• ദീർഘകാല മരുന്ന് കഴിക്കാൻ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് മരുന്ന് ലഭ്യമാക്കൽ<br>• ദുരിതബാധിതരിൽ ശാരീരികവൈകല്യം അനുഭവിക്കുന്നവർക്കുള്ള ദൃശ്യ-ശ്രവ്യ-ചലനോപകരണങ്ങൾ ലഭ്യമാക്കൽ<br>• കിടപ്പിലായ രോഗികൾക്ക് സാന്ത്വന ചികിത്സ ലഭ്യമാക്കുന്നതിനായി 11 ഗ്രാമ പഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സിനെ നിയമിക്കുകയും ഓരോ വാഹനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>• വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് കെൽട്രോണിന്റെ സഹായത്തോടെ ബയോ മെട്രിക് കാർഡ് ലഭ്യമാക്കിയിട്ടുണ്ട്.<br>• കിടപ്പിലായവരും ഗുരുതരമായ അസുഖങ്ങൾ ബാധിച്ചവരുമായ രോഗികൾക്ക് പ്രതിമാസം 2000 രൂപയും അല്ലാത്തവർക്ക് പ്രതിമാസം 1000 രൂപയും സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.<br>• ദുരിതബാധിതർക്ക് സൗജന്യ റേഷൻ നൽകി വരുന്നു.<br>• ഏഴ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബഡ്സ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന NPRPD പദ്ധതിയുടെ ഭാഗമായി Artificial Limb Centre, Vocational Training Centre, Audiological Evaluation Units എന്നിവ ആരംഭിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | |
|---|---|
| (സി) എൻഡോസൾഫാൻ ദുരിതബാധിതരിൽ എത്ര പേർക്കാണ് മുൻ സർക്കാർ ധനസഹായം നൽകിയതെന്നും ഓരോരുത്തർക്കും എത്ര തുക വീതമാണ് നൽകിയതെന്നും എപ്പോഴാണ് ഈ തുക നൽകിയതെന്നും വ്യക്തമാക്കുമോ? | (സി) മുൻ സർക്കാരിന്റെ ഭരണകാലത്ത് കാസർഗോഡ് ജില്ലയിൽ 533 എൻഡോസൾഫാൻ ദുരിതബാധിതർക്ക് 400/- രൂപ നിരക്കിൽ 2010 ജൂൺ മാസം മുതൽ നവംബർ മാസം വരെ പ്രതിമാസ ധനസഹായമായി 13,12,920/- രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിച്ചു നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട 3682 പേർക്ക് 2010 ഡിസംബർ മാസം മുതൽ ധനസഹായ നിരക്ക് വർദ്ധിപ്പിച്ചു നൽകുകയുണ്ടായി. എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവർക്ക് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷനായി 300/- രൂപ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000/- രൂപ നിരക്കിലും എൻഡോ സൾഫാൻ ദുരിതബാധിതരായ തുടർചികിത്സ ആവശ്യമായുള്ളവർക്ക് 1000/- രൂപ നിരക്കിലും പ്രതിമാസ ധനസഹായം കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നൽകി വരുന്നു. 2154 പേർക്ക് 2000 രൂപ വീതവും 1528 പേർക്ക് 1000 രൂപ വീതവും 2010 ഡിസംബർ മാസം മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിക്കുകയും 28.2.2011-ൽ പ്രസ്തുത തുക നൽകുകയും ചെയ്തു. ഈ ഇനത്തിൽ 2,91,09,605/- രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ

R